മാതൃഭൂമി

16 December 2017

# 'കാർഷിക ഗവേഷണ രംഗത്ത് ഐ.സി.ടി. പ്രോത്സാഹിപ്പിക്കണം'



സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ശില്പശാല ഐ.സി.എ.ആറിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് നോളജ് മാനേജ്മെൻറ് ഇൻ അഗ്രിക്കൾച്ചർ ഡയറക്ടർ ഡോ. എസ്.കെ. സിങ് ഉദ്ഘാടനം ചെയ്യുന്നു

## ഗവേഷണ പ്രബന്ധങ്ങൾ ഓൺലൈനിൽ

## ഗവേഷണ രംഗം കൂടുതൽ ഫലപ്രദമാകും

**കൊച്ചി** ▸ ഇന്ത്യയിലെ കാർഷിക ഗവേഷണ രംഗത്ത് ഐ.സി.ടി. (വിവര വിനിമയ സാങ്കേതികവിദ്യ) പ്രോത്സാഹിപ്പിക്കണമെന്ന് ശില്പശാല. ദേശീയ കാർഷിക ഗവേഷണ കൗൺസിലിൻെറ (ഐ.സി.എ.ആർ.) ഓൺലൈൻ ലൈബ്രറി സംവിധാനത്തെക്കുറിച്ച് ബോധവത്കരിക്കുന്നതിനായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) നടത്തിയ ശില്പശാലയിലാണ് നിർദേശം. ഐ.സി.എ.ആറിന് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളും കാർഷിക സർവകലാശാലകളും പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന സംവിധാനമാണ് 'സെറ'.

ഇത്തരം ഓൺലൈൻ ഗവേഷണ ലൈബ്രറികൾ ഉപയോഗപ്പെടുത്താൻ പുതുതലമുറയിലെ ഗവേഷകർ തയ്യാറാകണം. വിവരങ്ങളുടെ കൈമാറ്റം വേഗത്തിലാകുന്നതോടെ ഗവേഷണ രംഗം കൂടുതൽ ഫലപ്രദമാകും. കാർഷിക പഠനങ്ങൾ മെച്ചപ്പെടുത്താൻ ഏറ്റവും പുതിയ വിവര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണമെന്നും ശില്പശാല അഭിപ്രായപ്പെട്ടു. .

ഐ.സി.എ.ആറിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് നോളജ് മാനേജ്മെൻറ് ഇൻ അഗ്രിക്കൾച്ചർ ഡയറക്ടർ ഡോ. എസ്.കെ. സിങ് ശില്പശാല ഉദ്ഘാടനം ചെയ്തു.

എസ്.കെ. ജോഷി, സി.എം.എഫ്.ആർ.ഐ. ക്രസ്റ്റേഷ്യൻ ഡിവിഷൻ മേധാവി ഡോ. ജി. മഹേശ്വരുഡു, സി.എം.എഫ്.ആർ.ഐ. ലൈബ്രറി സയൻറിസ്റ്റ് ഇൻ ചാർജ് ഡോ. കെ.എസ്. ശോഭന, ലൈബ്രറി ഓഫീസ് ഇൻ ചാർജ് പി. ഗീത എന്നിവർ സംസാരിച്ചു.